# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6474 21.11.2019-ൽ മറുപടിക്ക്

### എസ്.എം.വി. സ്കൂളിലെ പ്രിൻസിപ്പലിനെതിരെയുള്ള ആരോപണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരം എസ്.എം.വി. ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്കൂളിലെ പ്രിൻസിപ്പലിനെതിരെ ധാരാളം അഴിമതി ആരോപണങ്ങളും സാമ്പത്തിക ക്രമക്കേടുകളും നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിന്മേലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | (ബി) | ഈ വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് 14.11.2019-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ നിർദ്ദേശപ്രകാരം ഒരു സ്കൂളിന്റെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് എത്ര ബാങ്ക് അക്കൗണ്ടുകൾ അനുവദനീയമാണ്; തിരുവനന്തപുരം എസ്.എം.വി. ഹയർ സെക്കണ്ടറി സ്കൂളിൽ സർക്കാർ അനുമതിയില്ലാതെ ധാരാളം ബാങ്ക്അക്കൗണ്ടുകൾ ഉപയോഗിക്കുന്നതായുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | സ്കൂളിന്റെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട് ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കിലോ ജോയിന്റ് അക്കൗണ്ട് തുടങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം എസ്.എം.വി ഹയർ സെക്കന്ററി സ്കൂളിൽ ബാങ്ക് ഓഫ് ഇന്ത്യാ (പുത്തൻചന്ത ശാഖ)-യിൽ പ്രിൻസിപ്പൽ, പ്രഥമ അധ്യാപിക, പി.റ്റി.എ പ്രസിഡന്റ് എന്നിവരുടെ പേരിൽ ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ തുടങ്ങിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം സാഹചര്യങ്ങളിൽ സ്കൂളിന് അവധി പ്രഖ്യാപിക്കുവാൻ സർക്കാർ പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത സ്കൂളിലെ ഒരു അദ്ധ്യാപകന്റെ വിവാഹവുമായി ബന്ധപ്പെട്ട് 2018-19 അദ്ധ്യയന വർഷത്തിൽ പ്രിൻസിപ്പൽ സ്കൂളിന് അവധി | (ഡി) | പൊതുഅവധി, പ്രാദേശിക അവധികൾ കൂടാതെ സ്കൂളിന്റെ ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങൾ പരിഗണിച്ച് പ്രിൻസിപ്പൽമാർ സ്കൂളിന് അവധി നൽകാറുണ്ട്. അധ്യാപകന്റെ വിവാഹവുമായി ബന്ധപ്പെട്ട് 2018-19 അധ്യയന വർഷത്തിൽ സ്കൂളിന് അവധി നൽകിയിട്ടില്ലായെന്ന് |

| | | | |
|---|---|---|---|
| | നൽകിയതിനെതിരെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരുന്ന പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | | തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സ്കൂളിലെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട്നാലു ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് നടന്ന സാമ്പത്തിക ക്രമക്കേടുകളിൽമേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ഉണ്ടായിട്ടും നാളിതുവരെ പ്രിൻസിപ്പലിനെതിരെ യാതൊരുവിധ അച്ചടക്ക നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ ; | (ഇ) ഉം (എഫ്) ഉം | ഈ വിഷയം സംബന്ധിച്ച് നിലവിൽ വിജിലൻസ് അന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് ഈ വിഷയങ്ങളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | പ്രസ്തുത സ്കൂളിലെ കുട്ടികൾക്ക് വിതരണം ചെയ്യുവാനായി വാങ്ങിയ യൂണിഫോം തുണികൾ വിതരണം ചെയ്യാതെ സ്കൂളിൽ കെട്ടിക്കിടക്കുന്നതും സ്കൂൾ ബസ് ഉപയോഗ ശൂന്യമായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹയർ സെക്കണ്ടറി സ്കൂളുകളിലെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത് ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽ ആയിരിക്കെ സർക്കാർ അനുമതി കൂടാതെ ആയത് കൈകാര്യം ചെയ്യുന്നതിന് ഒരു ക്ലർക്കിനെയും ലൈബ്രേറിയനെയും പ്രിൻസിപ്പൽ നിയമിച്ച് വേതനം നൽകിവരുന്നുണ്ടോ; | | |
| (ജി) | കുട്ടികളിൽ നിന്ന് അനധികൃത പിരിവ് നടത്തുന്നതിന്മേൽ സ്കൂൾ പ്രിൻസിപ്പലിനെതിരെ ഹയർ സെക്കണ്ടറി വിഭാഗം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ച പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ? | (ജി) ഉം | |

**സെക്ഷൻ ഓഫീസർ.**